# കേമൻ പരുന്ത്

● പട്ടണക്കാട് അബ്ദുൽഖാദർ

നാട്ടുമാവിൽ കുറേ കാക്കകൾ താമസിച്ചിരുന്നു. അവരുടെ നേതാവാണ് നീലങ്കാക്ക. ചില്ലിത്തെങ്ങിലാണ് കേമൻപരുന്തിന്റെ വാസം.

സമീപത്തെ കുളക്കടവിൽ കാക്കകൾ കുളിക്കുകയും വെള്ളം കുടിക്കുകയും ചെയ്യും.

കടവിന്റെ മറുഭാഗത്താണ് കേമൻ പരുന്ത് കുളിക്കുവാനും കുടിക്കുവാനും ഇറങ്ങുന്നത്. വൃത്തിയില്ലാത്തവരാണ് കാക്കകൾ, ബുദ്ധിയും നന്നെക്കുറവ്! കേമൻ പരുന്തിന് കാക്കകളോട് വെറുപ്പും പുച്ഛവുമാണ്.

തന്റെ സ്വർണനിറമുള്ള കൊക്കും വർണശബളമായ ചിറകുകളും പ്രൗഢിയുടെയും ആഢ്യത്വത്തിന്റെയും ചിഹ്നങ്ങളായും കേമൻ പരുന്ത് കരുതുന്നു. ഏറെ ഉയരത്തിൽ പറക്കുവാനും അകലെയുള്ള കാഴ്ചകൾ വ്യക്തമായി കാണുവാനുമുള്ള കഴിവിൽ അവൻ അഹങ്കരിക്കുന്നു.

ഞാനാണ് പക്ഷികളിൽ ശ്രേഷ്ഠൻ എന്ന് അവൻ സ്വയം വിശ്വസിച്ചു.

കുട്ടകളിൽ മീനുമായി വരുന്ന കച്ചവടക്കാർ ചായക്കടയിൽ കയറുന്ന തക്കത്തിന് മീൻ തട്ടിയെടുക്കലാണ് കേമൻ പരുന്തിന്റെ ഇഷ്ടവിനോദം.

പരുന്ത് ചേട്ടാ, അക്കരെ പാടത്തെ വെള്ളമൊക്കെ വറ്റിയോ?

ഒരു ദിവസം കുളക്കടവിൽ വെച്ച് നീലൻകാക്ക ചോദിച്ചു.

കേമൻ പരുന്ത് കേട്ടതായി ഭാവിച്ചില്ല.

കേട്ടോ ചേട്ടാ,



▸▸ ഇന്ത്യയിലെ പൈതൃക നഗരങ്ങളുടെ പുനരുജ്ജീവനത്തിനായി ആരംഭിച്ച പദ്ധതി– ഹൃദയ്

അവിടത്തെ ചെമ്മീനും നത്തോലിയും തിന്നാൻ നല്ല രുചിയാണ്. നീലൻകാക്ക പറഞ്ഞു.

ഏതു വകയിലാടാ, നീയൊക്കെ എന്റെ അനുജനായത്!?

കേമൻ പരുന്ത് ശുണ്ഠിയെടുത്തു. നീലൻകാക്ക വല്ലാതായി.

കേമൻ പരുന്ത് ചിറകുകളിലെ വെള്ളം ശക്തിയായി കുടഞ്ഞ് വെറുപ്പ് പ്രകടിപ്പിച്ചു.

അത് ശ്രദ്ധിക്കാതെ നീലൻകാക്ക പറന്നുപോയി.

ആയിടക്ക് ഒരു സംഭവമുണ്ടായി.

പുള്ളിക്കോഴി അടയിരുന്ന മുട്ടകളൊക്കെ വിരിഞ്ഞു. കോഴിക്കുഞ്ഞുങ്ങളുമായി പുള്ളിക്കോഴി മുറ്റത്തും പറമ്പിലുമൊക്കെ ചിക്കിച്ചികഞ്ഞ് നടന്നു. കർഷകൻ സന്തോഷിച്ചു.

കേമൻ പരുന്ത് ഓരോ ദിവസവും കോഴിക്കുഞ്ഞിനെ റാഞ്ചാൻ തുടങ്ങി. പുള്ളിക്കോഴി കണ്ണീർവാർത്തു. കർഷകന്റെ നെഞ്ചിൽ തീയാളി. ഇളം മാംസത്തിന്റെ രുചി പിടിച്ച കേമൻ പരുന്തിന് ഉൽസാഹമായി. ഒരു കരച്ചിൽ കേട്ടാണ് നീലങ്കാക്ക അങ്ങോട്ട് പറന്നത്. കാഴ്ച കണ്ടപ്പോൾ അവൻ ഞെട്ടി. കർഷകന്റെ മുറ്റത്ത് വലക്കുള്ളിൽ കേമൻ പരുന്ത് കിടന്ന് പിടയുന്നു.

എന്നെ വിടൂ..

കേമൻ പരുന്ത് യാചിച്ചു.

നിന്നെ വെറുതെ വിടാനോ.. അഞ്ച് കോഴിക്കുഞ്ഞുങ്ങളെ അകത്താക്കിയവനാണ് നീ... കർഷകന്റെ വാക്കുകളിൽ രോഷം തിളച്ചു.

അച്ഛാ, ഇവന്റെ ചിറകു രണ്ടും വെട്ടിക്കളഞ്ഞാൽ നല്ല രസമായിരിക്കും.

കത്രികയുമായി വന്ന കർഷകന്റെ മകന് ഉൽസാഹം.

നീലാ, ഇനി കേമൻ പരുന്തിന്റെ അഹങ്കാരം ശമിക്കും.

ഇതു കേട്ട് വന്ന നീലൻകാക്കയുടെ തോഴൻ കറുമ്പൻ കാക്ക പറഞ്ഞു:

നീലങ്കാക്ക കറുമ്പനെ രൂക്ഷമായി നോക്കിയിട്ട് എങ്ങോ പറന്നു.

കർഷകനെ സഹായിക്കാൻ രണ്ട് അയൽക്കാരെത്തി. അവർ വലക്കുള്ളിൽ കത്രിക കടത്തി കേമന്റെ ചിറകരിയാനുള്ള ശ്രമത്തിലായി.

ചിറകുകൾ പോയാൽ പിന്നെന്തിന് ജീവിക്കണം!? കേമൻ പരുന്ത് ദൈന്യമായി വിലപിക്കാൻ തുടങ്ങി.

കേമൻ പരുന്തിന്റെ പിടച്ചിലും കരച്ചിലും, കർഷകന്റെയും മക്കളുടെയും ആഹ്ലാദാരവങ്ങൾ..

'അയ്യോ!' ഇപ്പോൾ കർഷകനാണ് കരഞ്ഞത്.



പെട്ടെന്നെല്ലാവരും മേലോട്ട് നോക്കി. മാനം നിറയെ കാക്കകൾ.

കൂട്ടരേ, ആഞ്ഞു കൊത്തുവിൻ... നീലങ്കാക്ക വിളിച്ചു പറഞ്ഞു.

കർഷകനും കൂട്ടരും നിൽക്കക്കള്ളിയില്ലാതെ വീടിനുള്ളിലേക്ക് കയറി.

വേഗം വല കൊത്തിമുറിക്കിൻ -നീലങ്കാക്ക തിരക്കുകൂട്ടി.

കാക്കപ്പട വല കൊത്തിക്കീറി. കേമൻ പരുന്ത് മോചിതനായി.

നിങ്ങളെ ഞാൻ വെറുപ്പോടെയാണ് കണ്ടിരുന്നത്. നിങ്ങളുടെ ഒത്തൊരുമ എന്നെ രക്ഷിച്ചു. നിങ്ങൾ കാണിച്ച സ്നേഹം ഒരിക്കലും മറക്കില്ല. കേമൻ പരുന്ത് നീലങ്കാക്കയുടെ കൈപിടിച്ച് പറഞ്ഞു. •

▸▸ ഒറ്റ ഇല മാത്രമുള്ള സസ്യം– ചേന